പാലൊളി കമ്മിറ്റി

16(*136) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റി സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ പാലൊളി കമ്മിറ്റി മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പാലൊളി കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സച്ചാർ കമ്മിറ്റി ഈ മേഖലയിൽ എന്ത് പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ&ബി) ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ശ്രീ. പാലൊളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിറ്റി പഠിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് 6-5-2008 -ലെ സ.ഉ.(കൈ) 148/08/ പൊ.ഭ.വ. നമ്പർ ഉത്തരവായി സർക്കാർ അംഗീകരിക്കുകയും റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയത് അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തല കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും അവലോകനയോഗം കൂടുകയും ചെയ്തിട്ടുണ്ട്. പാലൊളി കമ്മിറ്റി സമർപ്പിച്ച ശിപാർശകൾ സംബന്ധിച്ച റിപ്പോർട്ട് ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ (www.minority welfare.kerala.gov.in) ലഭ്യമാണ്. ന്യൂനപക്ഷക്ഷേമ കാര്യങ്ങളുമായി ബന്ധപ്പെട്ട് അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതും സത്വര ഭരണ നടപടിക്കായും പാലൊളി കമ്മിറ്റി നിർദ്ദേശിച്ച പത്ത് കാര്യങ്ങളും അതിന്മേൽ സ്വീകരിച്ച നടപടിയും അനുബന്ധമായി ചേർക്കുന്നു. മറ്റുവകുപ്പുകൾ നടപടി സ്വീകരിക്കേണ്ട ശിപാർശകളിൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു.

(സി) ജസ്റ്റിസ് രജീന്ദർ സച്ചാർ അദ്ധ്യക്ഷനായുള്ള സമിതിയെ കേന്ദ്രസർക്കാർ നിയോഗിക്കുകയും സച്ചാർ കമ്മിറ്റി തയ്യാറാക്കിയ പഠന റിപ്പോർട്ട് 2006-ൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly